കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും അനുവദിച്ചിട്ടുള്ള ലാപ്ടോപ്പിന്റെ ഫലപ്രദമായ ഉപയോഗത്തിന് ബി.എസ്.എൻ.എൽ ന്റെ നെറ്റ് കണക്ടർ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.ടി) വകുപ്പ്

സ.ഉ. (സാധാ) നം.258/2014/തസ്വഭവ. തിരുവനന്തപുരം, തിയതി, 28.01.2014.

പരാമർശം:- 1. 05.4.2013 ലെ സ.ഉ.(സാധാ) നം.915/2013/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

2. കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ മലപ്പുറം ജില്ലാ ജനറൽ സെക്രട്ടറി ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയ്ക്ക് നൽകിയ 04.07.2013 ലെ കത്ത്.

3. പഞ്ചായത്ത് ഡയറക്ടറുടെ 30.11.2013 ലെ ജെ 3-37845/13 നമ്പർ കത്ത്.

**ഉത്തരവ്**

വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം വർദ്ധിച്ച സാഹചര്യത്തിലും ഗ്രാമ പഞ്ചായത്തുകളിലെ പദ്ധതി പ്രവർത്തനങ്ങളും സേവനങ്ങളും ഓൺലൈൻ ആയ സാഹചര്യത്തിലും, ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും, ഗ്രാമ പഞ്ചായത്തുകളുടെ തനത് ഫണ്ടിലോ ജനറൽ പർപ്പസ് ഫണ്ടിലോ ഉൾപ്പെടുത്തി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും ലാപ്ടോപ്പ് വാങ്ങുന്നതിന് പരാമർശം (1) ലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ഇത്തരത്തിൽ പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും അനുവദിച്ചിട്ടുള്ള ലാപ്ടോപ്പിന്റെ ഫലപ്രദമായ ഉപയോഗത്തിന് നെറ്റ്കണക്ടർ വാങ്ങുന്നതിന് അനുമതി നൽകണമെന്ന് കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ മലപ്പുറം ജില്ലാ ജനറൽ സെക്രട്ടറി പരാമർശം (2) കത്തിലൂടെ അഭ്യർത്ഥിച്ചിരുന്നു. സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും അനുവദിച്ചിട്ടുള്ള ലാപ്ടോപ്പിന്റെ ഫലപ്രദമായ ഉപയോഗത്തിനായി ബി.എസ്.എൻ.എൽ.ന്റെ വയർലെസ് ഇന്റർനെറ്റ് സംവിധാനം അനുവദിക്കുന്നത് ഉചിതമാണെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) കത്തിലൂടെ സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും അനുവദിച്ചിട്ടുള്ള ലാപ്ടോപ്പിന്റെ ഫലപ്രദമായ ഉപയോഗത്തിന് താഴെ പറയുന്ന വ്യവസ്ഥകൾക്ക്

വിധേയമായി ബി.എസ്.എൻ.എൽ ന്റെ നെറ്റ് കണക്ടർ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- പഞ്ചായത്ത് ഡയറക്ടറും ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടറും ബി.എസ്.എൻ.എൽ അധികൃതരുമായി ചർച്ച ചെയ്ത് 500/- രൂപയിൽ താഴെയുള്ള ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ഒരു സ്കീം തെരഞ്ഞെടുക്കേണ്ടതാണ്.
- നിശ്ചയിക്കപ്പെടുന്ന സ്കീമിൽ ഗ്രാമപഞ്ചായത്തുകളെ തനത് ഫണ്ട് വിനിയോഗിച്ച് അംഗങ്ങളാകാൻ അനുവദിക്കാവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

കെ. ആർ. കൃപാനന്ദൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് / സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ